File No.SFC-B1/180/2019-FIN

കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - 2020 ജൂലായ് ,ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്

സ.ഉ.(സാധാ) നം.4730/2020/ധന. തീയതി, തിരുവനന്തപുരം, 17/08/2020

---

പരാമർശം :- 1) സ ഉ (പി) 384/2014/ധന തീയതി 05/09/2014.

2. സ ഉ (എം എസ്) 437/2016/ധന തീയതി 08/11/2016.
3. സ ഉ (എം എസ്) 503/2016/ധന തീയതി 21/12/2016.
4. സ ഉ (എം എസ്) 34/2017/ധന തീയതി 21/01/2017.
5. സ ഉ (എം എസ്) 67/2017/ധന തീയതി 06/02/2017.
6. സ ഉ (എം എസ്) 204/2017/ധന തീയതി 23/03/2017.
7. സ ഉ (എം എസ്) 241/2018/ധന തീയതി 06/07/2018.
8. സ.ഉ(സാധാ) നം. 10132/18/ധന. തീയതി 10.12.2018.
9. സ.ഉ(എം.എസ്) 59/19/ധന. തീയതി 31.01.2019.
10. സ ഉ (സാധാ) 6713/2019/ധന. തീയതി 21.08.2019.
11. സ.ഉ.(സാധാ) 9168/19/ധന. തീയതി 21.11.2019
12. സ.ഉ(സാധാ) 9477/19/ധന. തീയതി 02.12.2019
13. സ.ഉ(സാധാ) 10026/19/ധന. തീയതി 21.12.2019
14. സ.ഉ(സാധാ) 2456/2020/ധന. തീയതി 24.03.2020

15. സ.ഉ(സാധാ) 2588/2020/ധന. തീയതി 30.03.2020

16. സ.ഉ(സാധാ) 4235/2020/ധന. തീയതി 24.07.2020

17. പഞ്ചായത്ത് ഡയറക്ടറുടെ പി എ എൻ/5630/2020-ഡി ബി ടി2 (ഡി പി) നമ്പർ കത്ത്.

**ഉത്തരവ്**

ഗുണഭോക്താക്കളുടെ താല്പര്യപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നൽകിവരുന്നു. 2020 മെയ് ,ജൂൺ മാസങ്ങളിലെ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ പരാമർശം (16) പ്രകാരം ഇതിനകം അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.മസ്റ്ററിംഗ് പൂർത്തിയാക്കാത്ത പെൻഷൻ അർഹതയുള്ള ഗുണഭോക്താക്കൾക്ക് സംസ്ഥാനത്തെ വിവിധ അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്ററിംഗ് നടത്താനും, ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾ മുഖേന ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കാനും ,വിവാഹിത/ പുനർവിവാഹിതയല്ലാ എന്ന സാക്ഷ്യപത്രം സമർപ്പിച്ചിരുന്നവരുടെ സർട്ടിഫിക്കറ്റും ഡിജിറ്റൽ സൈൻ ചെയ്യുന്നതിനും 2020 ഓഗസ്റ്റ് 16 വരെ മസ്റ്ററിംഗിനായി സമയം അനുവദിച്ചിട്ടുണ്ട്. മേൽ കാലയളവ് വരെ മസ്റ്റർ ചെയ്യുന്ന ഗുണഭോക്താക്കൾക്ക് 2020ജൂലായ് ,ആഗസ്റ്റ് മാസക്കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷൻ നൽകുന്നതിനായി ആകെ 1170,71,56,800 / - **(ആയിരത്തി ഒരുനൂററി എഴുപത് കോടി എഴുപത്തിയൊന്ന് ലക്ഷത്തി അൻപത്തിയാറായിരത്തി എണ്ണൂറ് രൂപ മാത്രം)** അനുവദിക്കണമെന്ന് പരാമർശം 17പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2 . സർക്കാർ ഇക്കാര്യം വിശദമായി . പരിശോധിക്കുകയുണ്ടായി. 2020ജൂലായ് ,ആഗസ്റ്റ് മാസക്കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനായി ആകെ 1170,71,56,800 /-**(ആയിരത്തി ഒരുനൂററി എഴുപത് കോടി എഴുപത്തിയൊന്ന് ലക്ഷത്തി അൻപത്തിയാറായിരത്തി എണ്ണൂറ് രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. 2020ജൂലായ് ,ആഗസ്റ്റ് മാസക്കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് ആവശ്യമായ തുകയായ 1170,71,56,800 / - **(ആയിരത്തി ഒരുനൂററി എഴുപത് കോടി എഴുപത്തിയൊന്ന് ലക്ഷത്തി അൻപത്തിയാറായിരത്തി എണ്ണൂറ് രൂപ മാത്രം)** രൂപയിൽ,സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയായ 610,88,10,200/- രൂപ (അറുനൂറ്റി പത്ത്കോടി എൺപത്തിയെട്ട് ലക്ഷത്തി പതിനായിരത്തി ഇരുനൂറ് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ് ബി അക്കൗണ്ട് നമ്പർ 67234515304 (IFS Code : SBIN 0070028), നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ തുകയായ 559,83,46,600/- രൂപ (അഞ്ഞൂറ്റി അൻപത്തിയൊമ്പത് കോടി എൺപത്തിമൂന്ന് ലക്ഷത്തി നാല്പത്തറായിരത്തി അറുനൂറ് രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ 799012100000001) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന

പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തിന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക 30.09.2020 നകം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്.

4. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ എല്ലാവിധ മുൻകരുതലുകളും എടുത്താണ് പെൻഷൻ വിതരണം നടത്തുന്നതെന്ന് ബന്ധപ്പെട്ട എല്ലാവരും ഉറപ്പുവരുത്തേണ്ടതാണ്.

5. പെൻഷൻ വിതരണം 20.08.2020 മുതൽ നടത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രദീപ് കുമാർ.ബി, JS (SFC B,FIN), O/O JS FINANCE (SFC-B)**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

ധനകാര്യ (എസ് എസ്) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,

വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

# File No.SFC-B1/180/2019-FIN

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

(ഫയൽ നം.1367015/എസ് എഫ് സി ബി1/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

2020 ജൂലായ് ,ആഗസ്റ്റ് മാസക്കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനു വേണ്ടി വരുന്ന തുകയുടെ വിശദാംശങ്ങൾ

| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് (രൂപ) | ഡയറക്റ്റ് ടു ഹോം (രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| മുനിസിപ്പാലിറ്റി | കർഷക തൊഴിലാളി പെൻഷൻ 24 | 24549200 | 61809800 | 86359000 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 54 | 366021600 | 389654200 | 755675800 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (മാനസികമായി/ ശാരീരികമായി വെല്ലുവിളി നേരിടുന്നവർ) | 50606400 | 61477000 | 112083400 |
| | 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 11333400 | 16434600 | 27768000 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 207792000 | 198902600 | 406694600 |
| | **ആകെ** | **660302600** | **728278200** | **1388580800** |
| മുനിസിപ്പൽ കോർപ്പറേഷൻ | കർഷക തൊഴിലാളി പെൻഷൻ | 6442800 | 5447000 | 11889800 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 299473600 | 129674400 | 429148000 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (മാനസികമായി/ ശാരീരികമായി വെല്ലുവിളി നേരിടുന്നവർ) | 41665000 | 17300400 | 58965400 |
| | 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 14612000 | 8564400 | 23176400 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 193068200 | 56711200 | 249779400 |
| | **ആകെ** | **555261600** | **217697400** | **772959000** |
| ഗ്രാമപഞ്ചായത്ത് | കർഷക തൊഴിലാളി പെൻഷൻ | 339463800 | 613880800 | 953344600 |

| | | | |
|---|---|---|---|
| | | | 4958395400 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2629361000 | 2329034400 | |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (മാനസികമായി/ ശാരീരികമായി വെല്ലുവിളി നേരിടുന്നവർ) | 388778000 | 422775600 | 811553600 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 70223400 | 86996000 | 157219400 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1465419800 | 1199684200 | 2665104000 |
| ആകെ | 4893246000 | 4652371000 | 9545617000 |
| ആകെ മൊത്തം | 6108810200 | 5598346600 | 1170,71,56,800 |